(*v*) V. Bhargavan, Vaidyakalanidhi I class and Ayurveda Acharya.

(*c*) 13 (Thirteen).

(*d*) A statement showing their names and qualifications is placed on the table*.

(e) Please see Appendix XII.

(*f*) Acharya examinations was conducted in 1952 also.

(*g*) Please see Appendix XII.

(*h*) Eight candidates passed.

പറമ്പോക്ക്.

ഒവ്വ. [൨൪] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്ക് കട്ടകാമ്പാൽ ചിറയ്ക്കൽ ഹരിജൻ ശ്മശാനത്തിലേയ്ക്കും മുസ്ലീം ശ്മശാനത്തിലേയ്ക്കുമുള്ള വഴിയുടെ പടിഞ്ഞാറുവശമുള്ള പുറമ്പോക്ക് ഇപ്പോൾ ആരുടെ കൈവശമാണ്;

(ബി) ഇതു ഒഴിപ്പിക്കണമെന്നു ഗവണ്മെൻറ് ഉത്തരവിട്ടിട്ടുണ്ടോ;

(സി) ആ ഉത്തരവ് പിന്നെ സ്റ്റേചെയ്യുകയുണ്ടായോ;

(ഡി) ഈ പുറമ്പോക്ക് ഒഴിവാക്കണമെന്ന് അവിടത്തെ പഞ്ചായത്തു പ്രമേയം പാസ്സാക്കിയതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) കട്ടകാമ്പാൽവില്ലേജ് ചെറവത്തൂരു് ചെറിയാക്ക മകൻ ചെറിയാക്കുട്ടി എന്ന ആളുടെ കൈവശമാണ്.

(ബി) ഉണ്ട്.

(സി) ഉണ്ടായി.

(ഡി) ഉണ്ട്.

ഭീഷണിയും കൈക്കൂലിവാങ്ങലും.

ഒവ്വ. [൪] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫസ്റ്റ്-ക്ലാസ്-ൽ ചേർപ്പ് സ്റ്റേഷൻ എച്ച്. സി. ഗോപാലമേനോൻ, കോൺസ്റ്റബിൾ ഗോവിന്ദൻനായർ എന്നിവർ എട്ടുമുന എന്ന സ്ഥലത്തു് പോയി കത്തനാപറമ്പിൽ വേലായുധി കിട്ടുണ്ണി എന്നയാളെ ഭീഷണിപ്പെടുത്തി എട്ടുരൂപിക കൈക്കൂലി വാങ്ങിയതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

---

* *Please see Appendix XII.*

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനെപ്പറ്റി അഭ്യന്തരമന്ത്രിക്ക് ടി കിട്ടണ്ണിയിൽനിന്നും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(സി) എന്തു നടപടികൾ എടുത്തു ?

ഉത്തരം.

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അതിനെപ്പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തി പരാതി അടിസ്ഥാനരഹിതമാണെന്ന ബോദ്ധ്യമായി.

മരച്ചീനി ഗവേഷണകേന്ദ്രം.

൪൫൫. [൪] ശ്രീ. കട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരത്ത് ഒരു മരച്ചീനിഗവേഷണകേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര കൊല്ലമായി; അതിന്റെ പ്രവർത്തനഫലമായി മരച്ചീനികൃഷിയിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെന്ത് ?

ഉത്തരം.

ഉണ്ട്.

൧൯൫൫ മുതൽ യൂണിവേഴ്സിറ്റിയുടെ കീഴിലും, ൧൯൫൬ മുതൽ ഗവണ്മെന്റിന്റെ കീഴിലും പ്രവർത്തിച്ചുവരുന്നു. കൂടുതൽ കിഴങ്ങു പിടിപ്പുള്ള രണ്ടു പുതിയ ഇനം മരച്ചീനിതണ്ടുകൾ കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. മലയത്തിൽനിന്നും പരീക്ഷിച്ചു മരച്ചീനി ഇനങ്ങളിൽനിന്നു ഏറ്റവും മെച്ചമായ ഒരിനം ഈ വർഷം കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതാണ്. മരച്ചീനി കൃഷിയുടെ അഭിവൃദ്ധിക്കായി മറ്റു പല ഗവേഷണങ്ങളും ഇവിടെ ചെയ്യുന്നുണ്ട്.

Industrial disputes.

589. [13] **Shri T. S. Ramaswami :** Will the Minister for Home Affairs be pleased to state :

(*a*) the number of cases under the Industrial Disputes Act launched by the Government against employers in South Travancore pending before magistrates ;

(*b*) how long they were pending ; and

(*c*) for what offences ?

Answer.

(*a*) Two.

LIBRARY ARCHIVES Kerala Legislative Assembly